## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1062 — 28-04-2017 ലെ മറുപടി

**ഭരണാനുമതി നൽകി നടപ്പിലാക്കുന്ന ഇറിഗേഷൻ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| 2017-18 ബജറ്റിൽ ജലവിഭവ വകുപ്പിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, കുറ്റ്യാടി ഇറിഗേഷൻ എന്നീ മേഖലകളിൽ ഭരണാനുമതി നൽകി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് പ്ലാൻ-നോൺ പ്ലാൻ തരംതിരിച്ച് വിശദമാക്കുമോ? | ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി 2017-18 ബഡ്ജറ്റിൽ താഴെപ്പറയുന്നവയ്ക്ക് പ്ലാൻ ഹെഡ് ഓഫ് അക്കൗണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്.<br>1. എം.ഐ.പ്രോജക്ട് ഇൻ കാവേരി ബേസിൻ പ്രോജക്ട്<br>2. ഭവാനി ബേസിൻ പ്രോജക്ട് (അട്ടപ്പാടിയിലെ ചെക്ക് ഡാമുകൾ)<br>3. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി<br>4. എം.ഐ.ക്ലാസ്സ്-I<br>5. എം.ഐ.ക്ലാസ്സ്-II<br>6. റിപ്പയർ ആന്റ് മെയിന്റനൻസ് ഓഫ് എം.ഐ.സ്ട്രക്ച്ചർ<br>7. ഇൻവെസ്റ്റിഗേഷൻ പദ്ധതി<br>8. PMKSY<br>9. ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം<br>10. ആന്റി സീ ഇറോഷൻ പ്രവൃത്തികൾ<br>11. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള റഗുലേറ്റേഴ്സ്, ഉപയോഗശൂന്യമല്ലാത്ത ഇറിഗേഷൻ സ്ട്രക്ച്ചറുകളുടെ പുനരുദ്ധാരണം |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതികൾക്ക് ഭരണാനുമതി നൽകാവുന്നതാണ്. കൂടാതെ നോൺ പ്ലാൻ ശീർഷകത്തിൽ മൈനർ ഇറിഗേഷനിൽ പ്രോജക്ട്, ഫ്ലഡ് ഡാമേജ് എന്നിവയ്ക്കും മേജർ ഇറിഗേഷനിൽ Anti Sea Erosion, Flood Control, Flood Damage എന്നിവയ്ക്കും തുക വകയിരുത്തിയിട്ടുണ്ട്.<br>പ്രോജക്ട്സ്-1 ന് കീഴിലെ കുറ്റ്യാടി ജലസേചന പദ്ധതിയ്ക്കായി നോൺ പ്ലാൻ ശീർഷകത്തിൽ വാർഷിക അറ്റകുറ്റ പണികൾക്കായി 200 ലക്ഷം, പൂന്തോട്ടത്തിന് 5 ലക്ഷം എന്നിങ്ങനെ ആകെ 205 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള ആക്ഷൻപ്ലാൻ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**